**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് & ഗ്രാമവികസനം - ജീവനക്കാര്യം - ശ്രീ.ജോൺ.വി.ജി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ചെട്ടിക്കുളങ്ങര ഗ്രാമപഞ്ചായത്ത്, ശ്രീ.വിരാജ് തമ്പുരാൻ, വില്ലേജ് എക്സ്റ്റൻഷൻ . ഓഫീസർ, ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്, ചെങ്ങന്നൂർ, ശ്രീ.കെ.സോമൻ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്, ചെങ്ങന്നൂർ എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർബി) വകുപ്പ്**

**സ.ഉ(സാധാ) നമ്പർ.1028 /2016/തസ്വഭവ. തിരുവനന്തപുരം, തീയതി, 02.03.2016**

---

**പരാമർശം** -
1. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 9.11.2012 ലെ നം.E4(SC/28/12/ALP) 4237/2012 നമ്പർ കത്ത്.
2. ശ്രീ.ജോൺ.വി.ജി, ശ്രീ.വിരാജ് തമ്പുരാൻ, ശ്രീ.കെ.സോമൻ എന്നിവർക്കെതിരെയുള്ള 24.05.2013-ലെ 10428/ഇആർബി3/2013/ തസ്വഭവ നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും.
3. ശ്രീ.ജോൺ.വി.ജി, ശ്രീ.വിരാജ് തമ്പുരാൻ, ശ്രീ.കെ.സോമൻ എന്നിവർ സമർപ്പിച്ച പ്രതിവാദപത്രികൾ.
4. ഗ്രാമവികസന കമ്മീഷണറുടെ 29.8.2014, 3.12.2015 എന്നീ തീയതികളിലെ 11997/എസ്റ്റാഎ 2/13/സിആർഡി നമ്പർ കത്തുകൾ.

**ഉത്തരവ്**

ചെട്ടിക്കുളങ്ങര ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീ യൂണിറ്റിനു വിവിധ പ്രവർത്തനങ്ങൾക്ക വേണ്ടി അനുവദിച്ച ഫണ്ട് തിരിമറി നടത്തിയെന്ന ആരോപണത്തിന്മേൽ, ചെട്ടിക്കുളങ്ങര സിഡിഎസ്. ഓഫീസിൽ 13.7.2012ൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ പരിശോധന നടത്തുകയും 2004-05 വർഷം ചർക്കയും കോട്ടൺ നൂൽ നിർമ്മാണവും എന്ന പ്രോജക്ടിനു വേണ്ടി 100 ചർക്കകളും അനുബന്ധ ഉപകരണങ്ങളും വാങ്ങാൻ തയ്യാറാക്കിയ പദ്ധതി പ്രകാരമുള്ള തുക ദീർഘനാൾ ബാങ്കിൽ നിക്ഷേപിച്ചതായി കണ്ടെത്തിയതിനെ തുടർന്ന് ശ്രീ.ജോൺ.വി.ജി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ചെട്ടിക്കുളങ്ങര ഗ്രാമപഞ്ചായത്ത്, ശ്രീ.കെ.സോമൻ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്, ചെങ്ങന്നൂർ. ശ്രീ.വിരാജ് തമ്പുരാൻ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്, ചെങ്ങന്നൂർ എന്നിവർക്കെതിരെ അച്ചടക്ക

നടപടി സ്വീകരിക്കുന്നതിന് പരാമർശം (1) പ്രകാരം ഡയറക്ടർ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറൊ ശുപാർശ ചെയ്തിരുന്നു. പരാമർശം (2) പ്രകാരം സർക്കാർ മേൽ ഉദ്യേഗസ്ഥർക്ക് കുറ്റപത്രവും കുറ്റാരോപണപത്രികയും നൽകുകയും ആയതിന് പരാമർശം (3) പ്രകാരം ടി ഉദ്യോഗസ്ഥർ പ്രതിവാദ പത്രികകൾ സമർപ്പിക്കുകയും ചെയ്തു.

ശ്രീ.വി.ജി.ജോൺ ചെട്ടിക്കുളങ്ങര ഗ്രാമപഞ്ചായത്തിൽ ജോലിയിൽ പ്രവേശിക്കുന്നത് 05.04.2011-ലാണെന്നും, സി.ഡി.എസ്. മെമ്പർ സെക്രട്ടറിയായി ടിയാൻ ചാർജ്ജ് എടുക്കുന്നത് 11.08.2011 ലാണെന്നും, ചെട്ടിക്കുളങ്ങര പി.എച്ച്.സി.യിലെ ജൂനിയർ ഹെൽത്ത് ഇൻസ് പെക്ടർ ആയിരുന്ന ശ്രീ.സി.എസ്.അനിൽ ആണ് ടിയാന് കുടുംബശ്രീയുടെ ചാർജ്ജ് കൈമാറിയതെന്നും എന്നാൽ കുറ്റാരോപണ മെമ്മോയ്ക്ക് ആസ്പദമായ സംഭവം നടന്നത് 2004-2005 സാമ്പത്തിക വർഷം ആണെന്നും അന്ന് ശ്രീ.വിരാജ് തമ്പുരാൻ ആയിരുന്നു മെമ്പർ സെക്രട്ടറിയെന്നും കുറ്റാരോപണ മെമ്മോയിൽ നിന്നു മാത്രമാണ് ചർക്കയും നൂൽനൂൽപ്പും എന്ന നടപ്പാക്കിയ പ്രൊജക്ടിന്റെ സബ്സിഡി തുകവിതരണം ചെയ്യാതെ എസ്.ബി.റ്റി.യുടെ കരീപ്പുഴ ശാഖയിൽ നിലനിൽക്കുന്നു എന്ന് ടിയാൻ മനസ്സിലാക്കിയതെന്നും പ്രസ്തുത തുകയുടെ വിനിയോഗത്തെയോ നിക്ഷേപത്തേയോ സംബന്ധിക്കുന്ന രേഖകൾ ഒന്നും തന്നെ കൈമാറി കിട്ടിയിരുന്നില്ല എന്നും, ബാങ്കിൽ നിന്ന് സ്റ്റേറ്റ് മെന്റ് എടുത്തപ്പോൾ 2,10,862/- രൂപ അതിൽ ശേഷിക്കുന്നതായി ടിയാന് മനസ്സിലായതെന്നും ശ്രീ.വി.ജി.ജോൺ തന്റെ പ്രതിവാദപത്രികയിൽപ്പറയുന്നു-.

ശ്രീ.കെ.സോമൻ, ചെട്ടിക്കുളങ്ങര ഗ്രാമപഞ്ചായത്തിൽ 20.01.2006 ലാണ് ചുമതല ഏൽക്കുന്നതെന്നും 2004-05 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ ടി പദ്ധതികളുടെ നിർവ്വഹണത്തിൽ ടിയാന് പങ്ക് ഇല്ലായെന്നും ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാന പ്രകാരം ടിയാനെ കുടുംബശ്രീ മെമ്പർസെക്രട്ടറിയുടെ ചുമതലയിൽ നിന്ന് ഒഴിവാക്കുകയും 20.2.2006 ൽ പുതിയ മെമ്പർ സെക്രട്ടറിയായ ശ്രീ.ശക്തികുമാറിന് (ഹെൽത്ത് ഇൻസ്പെക്ടർ) ചുമതല . കൈമാറുകയും ചെയ്തുവെന്നും ഒരു മാസം മാത്രമേ സി.ഡി.എസ്. മെമ്പർ സെക്രട്ടറിയുടെ ചുമതല നിർവ്വഹിച്ചിട്ടുള്ളുവെന്നും എസ്.ബി.റ്റി.യുടെ കരീപ്പുഴ ശാഖയിൽ സബ്സിഡി ഇനത്തിലുള്ള പ്ലാൻ ഫണ്ട് വിഹിതം ഉള്ള വിവരം ടിയാന് അറിയില്ലായിരുന്നുവെന്നും പദ്ധതിയെക്കുറിച്ച് കൂടുതൽ വിലയിരുത്താനുള്ള സമയം ചെറിയ കാലയളവ് മാത്രം ചാർജ്, വഹിച്ചതിനാൽ ടിയാന് ലഭിച്ചില്ലായെന്നും, പദ്ധതി പണം ദുർവിനിയോഗം ചെയ്യുകയോ നഷ്ടപ്പെടുത്തുകയോ ഉണ്ടായിട്ടില്ലെന്നും ശ്രീ.കെ.സോമൻ തന്റെ പ്രതിവാദപത്രികയിൽ പറയുന്നു.

ശ്രീ.വിരാജ്. തമ്പുരാൻ തന്റെ പ്രതിവാദപത്രികയിൽ താഴെപ്പറയും പ്രകാരം ബോധിപ്പിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിന്റെ ചുമതല വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർക്ക് ആയിരുന്നുവെന്നും 'ചർക്കയും കോട്ടൺ നൂൽ നിർമ്മാണവും ' എന്ന പ്രോജക്റ്റിനു വേണ്ടി 100 ചർക്കകളും അനുബന്ധ ഉപകരണങ്ങളും വാങ്ങാൻ തയ്യാറാക്കിയ പദ്ധതിയിൽ കരാർ വെച്ചിരുന്ന സർവ്വോദയ സംഘം 50 ചർക്ക മാത്രമാണ് നൽകിയതെന്നും ഇതിനുള്ള തുക മാത്രമാണ് ബാങ്ക് സർവ്വോദയ സംഘത്തിന് നൽകിയതെന്നും ബാക്കിയുള്ള തുക ബാങ്കിൽ നിലനിന്നുവെന്നും ബാക്കി ചർക്കകൾ കൂടി ലഭിക്കുമെന്ന ധാരണയിലാണ് തുക നിലനിറുത്തിയതെന്നും ടി 50 ചർക്കകൾ കൂടി നൽകണമെന്ന് പലതവണ ആവശ്യപ്പെട്ടുവെങ്കിലും ലഭ്യത കുറവാണെന്ന് പറഞ്ഞ് ചർക്ക നൽകുന്നതിൽ നിന്ന് അവർ പിൻമാറുകയാണ് ഉണ്ടായതെന്നും കരാർ ലംഘനത്തിന് പഞ്ചായത്ത് സെക്രട്ടറി നടപടി സ്വീകരിച്ചിട്ടില്ലായെന്നും ബാങ്കിൽ ബാക്കി നിൽക്കുന്ന സബ്സിഡി തുക പിരിവാക്കി സർക്കാരിലേയ്ക്ക് തിരിച്ചടക്കാതിരുന്നത് സർവ്വോദയ സംഘം 50 ചർക്ക കൂടി ലഭ്യമാക്കുമെന്ന വിശ്വാസം കൊണ്ടായിരുന്നുവെന്നും സർക്കാർ പണം നഷ്ടപ്പെട്ടുത്തിയിട്ടില്ലെന്നും തുക നേരിട്ട് കൈകാര്യം ചെയ്തിട്ടില്ലെന്നും പരിശീലനം നടത്തിയതും, ചർക്ക വിതരണം ചെയ്തതും സർവ്വോദയ സംഘം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനാണെന്നും ഇതിലുണ്ടായ വീഴ്ച മനപ്പൂർവ്വമല്ലെന്നും ബോധിപ്പിച്ചിട്ടുണ്ട്.

ടിയാളുകളുടെ പ്രതിവാദ പത്രികയിൻമേൽ പരാമർശം (4) പ്രകാരം ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കിയ 2004-05 കാലഘട്ടത്തിൽ ശ്രീ.വി.ജി.ജോൺ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ചെട്ടിക്കുളങ്ങര ഗ്രാമപഞ്ചായത്ത് സി.ഡി.എസ്. മെമ്പർ സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്നില്ലെന്നും, ശ്രീ.വി.ജി.ജോൺ ടി പഞ്ചായത്തിൽ സേവനം അനുഷ്ഠിച്ചിരുന്നത് 5.4.2011 മുതൽ 17.7.2013 വരെയാണെന്നും ടിയാൻ കുടുംബശ്രീ മെമ്പർ സെക്രട്ടറിയായി ചാർജെടുത്തത് 11.8.2011-ലാണെന്നും ട്രഷറിയിൽ നിന്നും മാറി 31.3.2005 ൽ എസ്.ബി.റ്റി. കരീപ്പുഴ ബ്രാഞ്ചിലെ സി.എ. 54-ാം നമ്പർ സി.ഡി.എസ്. അക്കൗണ്ടിൽ നിക്ഷേപിച്ച 2 പദ്ധതികളിലെ പദ്ധതിപ്പണത്തിൽ (ആകെ 4,87,500/- രൂപ) ചെലവാക്കാതെ ശേഷിച്ചിരുന്ന ഒരു പദ്ധതിയുടെ പ്ലാൻ വിഹിതമായ 2,47,500/- രൂപ തിരിച്ച് ട്രഷറിയിൽ അടുത്ത സാമ്പത്തിക വർഷം തന്നെ തിരിച്ചടക്കേണ്ടതായിരുന്നുവെന്നും, ശ്രീ.ജോണിന് മുമ്പ് സി.ഡി.എസ്. മെമ്പർ സെക്രട്ടറിയായി ചുമതല വഹിച്ചിരുന്ന ശ്രീ.വിരാജ് തമ്പുരാൻ, ശ്രീ.കെ.സോമൻ എന്നീ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർക്കും ശ്രീ.വി.എസ്.അനിൽ (ജോ.എച്ച്.ഐ)

എന്നിവർക്കും ടി തുക യഥാസമയം തിരിച്ചടക്കാൻ നടപടി സ്വീകരിക്കാതിരുന്നതിനാൽ വീഴ്ച്ച് ഉത്തരവാദിത്വമുണ്ടെങ്കിലും ശ്രീ.വി.ജി.ജോണിന് തന്റെ മുൻഗാമിയായ സി.ഡി.എസ് മെമ്പർ സെക്രട്ടറി സി.എസ്.അനിൽ 11.8.2011-ൽ കൈമാറിയ ചാർജ്ജ് കൈമാറ്റ രേഖയിൽ പി സിഎ 54-ാം നമ്പർ അക്കൌണ്ട് സംബന്ധിച്ച ബാങ്ക് രേഖകൾ കൈമാറിയതായി രേഖപ്പെടുത്തിയിട്ടില്ലെന്നും മാത്രമല്ല 2006 മുതലുള്ള പദ്ധതി രേഖകൾ മാത്രമേ കൈമാറിയിട്ടുള്ളൂവെന്ന് ഇനം 24-ൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും, ഈ സാഹചര്യത്തിൽ ടി പദ്ധതിപ്പണം ചെലവാകാതെ ബാങ്കിൽ കിടക്കുന്ന എന്ന വ്യക്തമാക്കുന്ന രേഖകൾ തനിക്ക് ലഭിച്ചില്ലെന്നുമുള്ള ശ്രീ.വി.ജി.ജോണിന്റെ പ്രതിവാദ പത്രികയിലെ അഭിപ്രായം വസ്തുതാപരമായി ശരിയാണെന്നും, ടി തുക ട്രഷറിയിൽ തിരിച്ചടക്കാത്ത നടപടിയിൽ ശ്രീ.വി.ജി.ജോണിന്റെ ഭാഗത്ത് മനപൂർവ്വമായോ ഗുരുതരമായോ വീഴ്ച ഉണ്ടായിട്ടില്ലെന്നും. ഈ സാഹര്യത്തിൽ ശ്രീ.ജോൺ.വി.ജി. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ പേരിൽ സ്വീകരിച്ച അച്ചടക്ക നടപടി തീർപ്പാക്കാവുന്നതാണെന്നും, ശ്രീ.കെ.സോമൻ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ടി പഞ്ചായത്തിൽ സി.ഡി.എസ്.മെമ്പർ സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്നത് 21.1.2006 മുതൽ 20.2.2006 വരെയുള്ള കാലഘട്ടത്തിലാണെന്നും ടി പ്രോജക്ടുകളുടെ നിർവ്വഹണം നടത്തുന്ന സമയത്ത് ടിയാന് സി.ഡി.എസ്. മെമ്പർ സെക്രട്ടറിയുടെ ചുമതല ഇല്ലായിരുന്നുവെന്നും 20.01..2006 ൽ ശ്രീ.സോമന് കൈമാറിയ റിക്കാർഡുകളുടെ വിവരങ്ങളിൽ ബാങ്ക് ലിങ്കേജ് നടത്തിയിട്ടുള്ള യൂണിറ്റുകളുടെ വിവരം, ക്യാഷ്ബുക്ക്, ചർക്കയും നൂലും പ്രോജക്ടുകൾ ലിസ്റ്റ് (ജനറൽ/എസ്.സി) ആലപ്പുഴ സർവ്വോദയ സംഘവുമായി ഒപ്പിട്ട എഗ്രിമെന്റ്, സർവ്വോദയ സംഘം 50 ചർക്കയിറക്കിയതിന്റെ വൌച്ചറുകൾ ചർക്കയും നൂൽ നൂൽപ്പും പ്രോജക്ടുകൾക്ക് എസ്.ബി.റ്റി. കരീപ്പുഴ ശാഖയിൽ നിന്നും ലോൺ അനുവദിച്ചതിന്റെ രേഖ, സബ്സിഡി നൽകിയതിന്റെ വൌച്ചറുകൾ എന്നിവ കൈമാറിയതായി രേഖപ്പെടുത്തിയിട്ടുണ്ടെന്നും എന്നാൽ എസ്.ബി.റ്റി. കരീപ്പുഴ ശാഖയിൽ ടി പ്രോജക്ടിലെ ബാക്കി തുക നിക്ഷേപിച്ച അക്കൌണ്ടിന്റെ ബാങ്ക് പാസ്സ് ബുക്ക് കൈമാറിയതായി രേഖപ്പെടുത്തിയിട്ടില്ലെന്നും ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീ.വിരാജ് തമ്പുരാൻ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 20.01.2006 വരെ സി.ഡി.എസ്.മെമ്പർ സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്നുവെന്നും 2004-05 സാമ്പത്തിക വർഷത്തെ പദ്ധതി തുകയിൽ ചെലവാകാതെ അവശേഷിക്കുന്ന പദ്ധതി തുക ചട്ട പ്രകാരം അടുത്ത സാമ്പത്തിക വർഷം (2005-06) ട്രഷറിയിൽ തിരിച്ചടക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ.യ്ക്ക് ബാദ്ധ്യത ഉള്ളതായിരുന്നുവെന്നും ഇതിന് ഏകദേശം 10

മാസത്തോളം അതായത് 20.01.2006 വരെ ടി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർക്ക് സമയം ലഭിച്ചിരുന്നുവെന്നും തുടർന്ന് ചുമതലയേറ്റ വി.ഇ.ഒ. ശ്രീ.കെ.സോമന് ടി തുക തിരിച്ചടക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകാമായിരുന്നുവെന്നും, സർക്കാരിന് സാമ്പത്തിക നഷ്ടം ഒന്നും തന്നെ ഉണ്ടായിട്ടില്ലെന്ന ടിയാന്റെ പ്രതിവാദപത്രികയിലെ പരാമർശം പരിഗണനാർഹമല്ലെന്നും സർക്കാരിന്റെ പദ്ധതി തുക ദീർഘകാലമായി ബാങ്കിൽ നിക്ഷേപമായി സൂക്ഷിക്കുവാൻ ഇടവരുത്തി എന്നതാണ് പ്രധാനമെന്നും ടി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ ചുമതലാ കാലഘട്ടത്തിൽ ടി തുക ട്രഷറിയിൽ തിരിച്ചടക്കാതിരുന്നതിന്റെ വിശദീകരണം തൃപ്തികരമല്ലെന്നും തന്റെ പിൻഗാമിക്ക് ആവശ്യമായ നിർദ്ദേശവും രേഖകളും നൽകാതിരുന്നത് കാരണം ടി തുക തിരിച്ചടക്കാൻ പിന്നീട് ചുമതലയേറ്റവർ തയ്യാറായില്ലെന്നും, ഇക്കാര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന നിലയിൽ വി.ഇ.ഒ. ശ്രീ.വിരാജ് തമ്പുരാന്റെ ഭാഗത്ത് കുറ്റകരമായ വീഴ്ച ഉണ്ടായിട്ടുണ്ടെന്നും, പദ്ധതിപ്പണം ചെലവാകാതെ ബാങ്കിൽ നിക്ഷേപമായി കിടപ്പുണ്ടെന്ന വിവരം വ്യക്തമായി അറിയാവുന്ന ആൾ എന്ന നിലയ്ക്ക് ടിയാൻ ചുമതല ഒഴിയുന്നതിന് മുമ്പ് തന്നെ പ്രസ്തുത തുക ട്രഷറിയിൽ തിരിച്ചടക്കാൻ നടപടി സ്വീകരിക്കേണ്ടതായിരുന്നുവെന്നും ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

31.3.2005 മുതൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ സി.എ. 54-ാം നമ്പർ അക്കൗണ്ടിൽ നിന്ന് റേഷൻ പ്രോജക്ട് പ്രകാരം ട്രഷറിയിൽ നിന്ന് പിൻവലിച്ച് നിക്ഷേപിച്ചിട്ടുള്ളതുമായ 2,40,000/- രൂപ പലിശ സഹിതം ബാങ്കിൽ നിന്ന് പിൻവലിച്ച് ട്രഷറിയിൽ തിരിച്ചടക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കാൻ ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ഇപ്പോഴത്തെ സി.ഡി.എസ്. മെമ്പർ സെക്രട്ടറി എന്നിവർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ സബ്സിഡി തുകയായ 2,40,000/- രൂപ രണ്ട് ചെലാനുകളിലായി (ചെല്ലാൻ നമ്പർ 172, 24.04.2015, തുക 2,10,862/- രൂപ, ചെല്ലാൻ നമ്പർ 361, 12.11.2015 തുക 29,138/- രൂപ) സർക്കാരിലേയ്ക്ക് തിരികെ അടച്ചിട്ടുണ്ടെന്നും, 31.3.2005-ൽ കരീപ്പുഴ എസ്.ബി.ടി. ബാങ്ക് ശാഖയിൽ 2,40,000/- രൂപ നിക്ഷേപിച്ചിരുന്ന 54-ാം നമ്പർ സബ്സിഡി അക്കൗണ്ട് കറണ്ട് അക്കൗണ്ടായതിനാൽ പലിശയ്ക്ക് അർഹതയില്ലായെന്നും ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചെട്ടികുളങ്ങര ഗ്രാമഞ്ചായത്തിൽ 2004-2005 വർഷത്തിൽ കുടുംബശ്രീ യൂണിറ്റിൽ നടപ്പാക്കിയ 'പർദ്ദയും നൂൽ നൂൽപ്പം' എന്ന പദ്ധതി നടപ്പിലാക്കിയത് സി.ഡി.എസ്. മെമ്പർ സെക്രട്ടറിയായിരുന്ന

വി.ഇ.ഒ. ശ്രീ.വിരാജ് തമ്പുരാനാണ് എന്നാൽ പദ്ധതി പൂർണ്ണമായി നടപ്പാക്കാതെ പദ്ധതി പണം 2,40,000/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ ശ്രീ.വിരാജ് തമ്പുരാൻ 31.03.2005 മുതൽ എസ്.ബി.ടി. കരീപ്പഴ ശാഖയിൽ നിക്ഷേപിക്കുകയും ടിയാൻ ചെട്ടിക്കുളങ്ങര പഞ്ചായത്തിൽ സി.ഡി.എസ്. മെമ്പർ സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്ന 20.1.2006 വരെ പദ്ധതി പൂർത്തീകരണത്തിനായി തുടർ നടപടികൾ സ്വീകരിക്കുകയോ, ബാങ്കിൽ നിക്ഷേപിച്ച തുക തിരികെ ട്രഷറിയിൽ അടയ്ക്കുകയോ ചെയ്തിരുന്നില്ല. മാത്രമല്ല ടിയാൻ റിലീവ് ചെയ്തതിന ശേഷം തുടർന്ന് ചുമതലയേറ്റ ശ്രീ.കെ.സോമന് ടി തുക തിരിച്ചടക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുകയോ, ഇക്കാര്യം പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽ പ്പെടുത്തി അനന്തര നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ടി തുക 24.4.2015, 12.11.2015 എന്നീ തീയതികളിൽ ട്രഷറിയിൽ തിരികെ അടച്ചിട്ടുണ്ടെങ്കിലും പദ്ധതി പണം ചെലവാക്കാതെ ബാങ്കിന്റെ കറണ്ട് അക്കൌണ്ടിൽ പത്ത് വർഷത്തോളം പണം നിക്ഷേപിച്ചിരുന്നത് നിർവ്വഹണ ഉദ്യോഗസ്ഥനായ ശ്രീ.വിരാജ് തമ്പുരാന്റെ ഭാഗത്തു നിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണ്. ശ്രീ.കെ.സോമൻ 21.1.2006 മുതൽ ഒരു മാസക്കാലമേ ചെട്ടിക്കുളങ്ങര ഗ്രാമപഞ്ചായത്തിൽ സി.ഡി.എസ്.മെമ്പർ സെക്രട്ടറിയുടെ ചുമതല വഹിച്ചിട്ടുള്ളുവെന്നും, എസ്.ബി.ടി. കരീപ്പഴ ശാഖയിൽ ടി പ്രോജക്ടിലെ പദ്ധതി തുക നിക്ഷേപിച്ച അക്കൌണ്ടിന്റെ പാസ്സ് ബുക്ക് ടിയാന് കൈമാറിയതായി രേഖപ്പെടുത്തിട്ടില്ലായെന്നും, ടിയാൻ 25 പ്രവൃത്തി ദിവസങ്ങൾ മാത്രമേ സി.ഡി.എസ്.മെമ്പർ സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്നുള്ളുവെന്നും, പദ്ധതി വിഹിതം സബ്സിഡി തുക എസ്.ബി.ടി. കരീപ്പഴ ബ്രാഞ്ചിൽ ഉള്ള വിവരം ടിയാന് അറിയില്ലായിരുന്നുവെന്നും മുൻപ് ഏറ്റെടുത്തു നടപ്പിലാക്കിയ പദ്ധതിയെക്കുറിച്ച് കൂടുതലായി വിലയിരുത്തുവാനുള്ള സമയം ലഭിച്ചിരുന്നില്ലായെന്നുമുള്ള വാദം കണക്കിലെടുക്കാവുന്നതാണ്. അതുപോലെ ശ്രീ.വി.ജി.ജോൺ 11.8.2011 ലാണ് സി.ഡി.എസ്.മെമ്പർ മെമ്പർ സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്നതെന്നും ശ്രീ.വിരാജ് തമ്പുരാൻ പ്രോജക്ടുകൾ നടപ്പിലാക്കിയ ശേഷം 3 പേർ സി.ഡി.എസ്.മെമ്പർ സെക്രട്ടറി സ്ഥാനം വഹിച്ചിരുന്നുവെന്നും പദ്ധതി പണം ബാങ്കിൽ നിക്ഷേപിച്ചത് സംബന്ധിച്ച രേഖകളൊന്നും കൈമാറി കിട്ടിയിരുന്നില്ലെന്നും 20.6.2013-ൽ കുറ്റാരോപണ മെമ്മോ ലഭിച്ചപ്പോഴാണ് ടിയാൻ ഇക്കാര്യം അറിഞ്ഞതെന്നും,ടിയാൻ മെമ്പർ സെക്രട്ടറിയായിരുന്ന കാലഘട്ടത്തിലാണ് ബാങ്കിൽ നിക്ഷേപിച്ചിരുന്ന തുക തിരികെ ട്രഷറിയിൽ ഒടുക്കിയതെന്നും വാദവും കണക്കിലെടുക്കാവുന്നതാണ്. ഈ സാഹചര്യത്തിൽ ശ്രീ.വിരാജ് തമ്പുരാനെതിരെ സ്വീകരിച്ചിരുന്ന അച്ചടക്ക നടപടി ടിയാന്റെ രണ്ട് വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിത

പ്രാബല്യമില്ലാതെ രണ്ട് വർഷത്തേയ്ക്ക് തടഞ്ഞു കൊണ്ടും, ശ്രീ.കെ.സോമൻ, ശ്രീ.ജോൺ.വി.ജി. എന്നിവർക്കെതിരെ സ്വീകരിച്ചിരുന്ന അച്ചടക്ക നടപടിയിൽ നിന്നും ടിയാളുകളെ കുറ്റവിമുക്തരാക്കി കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

ജോൺ മിൽട്ടൺ

ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ.ജോൺ.വി.ജി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,
ചെട്ടിക്കുളങ്ങര ഗ്രാമപഞ്ചായത്ത്,
ശ്രീ.വിരാജ് തമ്പുരാൻ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,
ബ്ലോക്ക് ഡെവലപ് മെന്റ് ഓഫീസ്, ചെങ്ങന്നൂർ
ശ്രീ.കെ.സോമൻ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,
ബ്ലോക്ക് ഡെവലപ് മെന്റ് ഓഫീസ്, ചെങ്ങന്നൂർ (ഗ്രാമവികസന കമ്മീഷണർ മുഖേന)
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ ആന്റ് ഇ), കേരള, തിരുവനന്തപുരം
വിജിലൻസ് ( ഇ) വകുപ്പ് (15.2.2016-ലെ 1482/ഡി3/2016/വിജ്. നമ്പർ കത്തു പ്രകാരം)
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപ്പുരം
തദ്ദേശസ്വയംഭരണ (ഒഎസ്) വകുപ്പ്
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ